# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഏപ്രിൽ 27 | ദീപം 56 | നാളം 8 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# കേരളമേ, റബർമരത്തണലിൽ ഇനിയുമിങ്ങനെ എത്രനാൾ?



ഡിജോ കാപ്പൻ




റബർ വിലയിടിവിന്റെ എടുത്തു പറയേണ്ട ആദ്യത്തെ ആഘാതം 1920 കളിലേതാണ്. അക്കാലത്ത് ലോകത്തിലാകമാനം സാമ്പത്തിക മാന്ദ്യം രൂപപ്പെട്ടതോടെ സമസ്ത മേഖലകളിലും ഉത്പന്നങ്ങൾക്കു ഡിമാന്റ് ഇല്ലാതായി. അതോടെ വിലയിടിഞ്ഞു. റബറിന്റെ കാര്യത്തിലും ഇതു പ്രതിഫലിച്ചു. റബറിനു വിലയിടിഞ്ഞതോടെ ഉത്പാദനം കുറയ്ക്കേണ്ടതാണെന്ന അവസ്ഥ സംജാതമായി. ഈ ദിശയിലേക്കുള്ള ചിന്തയിൽനിന്നാണ് 1934 ലെ ഇന്റർനാഷണൽ റബർ റെഗുലേഷൻ എഗ്രിമെന്റ് ഉണ്ടായത്. റബർ കർഷകർ ഉത്പാദിപ്പിക്കുന്ന റബർ വിൽക്കാൻ ക്വാട്ട നിശ്ചയിക്കപ്പെട്ടിരുന്നു. ക്വാട്ടാ കഴിഞ്ഞുള്ള റബർ ബ്ലാക്കിൽ വിൽക്കേണ്ടിവന്നിരുന്നു. ക്വാട്ടാ റബറിന് കിട്ടുന്നതിന്റെ പകുതി വിലമാത്രമാണ് ലഭിച്ചിരുന്നത്. ഈ എഗ്രിമെന്റിൽ റബർ ഉത്പാദകരാജ്യങ്ങളും ഉപഭോക്തൃരാജ്യങ്ങളും അംഗങ്ങളായിരുന്നു. റബർ ഉത്പാദകരാജ്യമായ ഇന്തോനേഷ്യ നെതർലന്റിന്റെ കീഴിലും വിയറ്റ്നാമും കംബോഡിയായും ഫ്രാൻസിന്റെ നിയന്ത്രണത്തിലും ഇന്ത്യയും മലയായും (ഇപ്പോഴത്തെ മലേഷ്യയുടെ റബർ കൃഷി ചെയ്യുന്ന ഭാഗം) ബ്രിട്ടന്റെ അധീനതയിലുമായിരുന്നു. ഈ എഗ്രിമെന്റ് നടപ്പാക്കാൻ ഇന്ത്യൻ റബർ ലൈസൻസിങ് കമ്മിറ്റി കോട്ടയത്തു രൂപീകൃതമായി.

രണ്ടാംലോകമഹായുദ്ധവും റബറുമായി ഒരു ബന്ധമുണ്ട്. റബർ ഉത്പാദകരാജ്യങ്ങളായ ഇന്തോനേഷ്യാ, മലയാ, തായ്‌ലാന്റ്, വിയറ്റ്നാം എന്നീ രാജ്യങ്ങളെല്ലാം ജപ്പാൻ പിടിച്ചടക്കി. അമേരിക്കയ്ക്കും ഇംഗ്ലണ്ടിനും റബറിന്റെ ലഭ്യത ഇന്ത്യയിലും ശ്രീലങ്കയിലുംനിന്നുമാത്രമായി ചുരുങ്ങി. യുദ്ധകാലത്ത് രാജ്യത്തു നിലവിലുള്ള നിയമങ്ങൾ സസ്പെന്റ് ചെയ്യപ്പെടുകയും ഡിഫൻസ് ഓഫ് ഇന്ത്യാ റൂളിൽപ്പെടുത്തി ഇന്ത്യൻ റബർ പ്രൊഡക്ഷൻ ബോർഡ് രൂപീകൃതമാകുകയും ചെയ്തു.

ഇതുമൂലം രണ്ടു കാര്യങ്ങൾ ഉണ്ടായി. റബർ ഉത്പാദനം കൂട്ടാനും റബറിന്റെ വില്പനാവകാശം പൂർണമായും സർക്കാർ നിയന്ത്രണത്തിലാക്കാനുമുള്ള ഉത്തരവ് ഉണ്ടായി. ലോകമഹായുദ്ധം അവസാനിച്ചതോടെ റബർ പ്രൊഡക്ഷൻ ബോർഡ് ഇല്ലാതായി. റബറിന്റെ വികസനത്തിനും നിയന്ത്രണത്തിനും എന്തെങ്കിലും സംവിധാനം ഉണ്ടാവണമെന്ന ചർച്ച ഉണ്ടായതിനെത്തുടർന്നാണ് 1947 ഏപ്രിൽ 18 ന് റബർ പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിങ് ആക്ട് നിലവിൽ വന്നത്. ഈ ആക്ട് പ്രകാരം രൂപീകൃതമായ സ്ഥാപനമാണ് റബർബോർഡ്.

കൊച്ചി, തിരുവിതാംകൂർ, മദ്രാസ് സർക്കാരുകളും ഇന്ത്യാഗവൺമെന്റും വലിയ തോട്ടമുടമകളും റബർ വ്യവസായികളും നിർദേശിക്കുന്ന അംഗങ്ങൾ ചേർന്നാണ് ബോർഡിന്റെ ഭരണം നടത്തിയിരുന്നത്. 1952, 1954, 1960, 1982, 1990, 2009 എന്നീ വർഷങ്ങളിൽ ആക്ട് ഭേദഗതി ചെയ്തു. ഇതിൽ 1954 ലെ ഭേദഗതിയോടെ ബോർഡിന്റെ സ്വയംഭരണാവകാശം നഷ്ടപ്പെട്ട് ഉപദേശകസമിതിമാത്രമായി മാറി.

ചെയർമാനെ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന രീതി നടപ്പായി. അതുവരെ, പിരിച്ചിരുന്ന റബർസെസ് കൊണ്ട് എന്തൊക്കെ പ്രവർത്തനങ്ങൾ എങ്ങനെ നടത്തണമെന്ന തീരുമാനം ബോർഡാണ് കൈക്കൊണ്ടിരുന്നത്. റബർസെസ് കേന്ദ്രസർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടയ്ക്കുന്ന രീതി കൈവന്നു. കേന്ദ്രസർക്കാരിന്റെ വാർഷികബജറ്റിൽ റബർബോർഡിന്റെ പ്രവർത്തനച്ചെലവ് അനുവദിച്ചു.

ഈ ഭേദഗതിയോടെ പ്രൈസ് അഡ്വൈസറി കമ്മിറ്റി പിരിച്ചുവിട്ടു. 1947 ലെ ആക്ടിൽ സെൻട്രൽ ഗവൺമെന്റ് ഷാൾ മാൻഡേറ്ററി കൺസൾട്ട് വിത്ത് റബർബോർഡ് എന്നത് ഷാൾ ഓർഡിനേർലി കൺസൾട്ട് എന്നാക്കി.

▶ 8

# ചരിത്രപാഠങ്ങൾ പുറന്തള്ളപ്പെടുമ്പോൾ!



പ്രഫ. റോണി കെ. ബേബി




സംഘ്പരിവാർ നിയന്ത്രിക്കുന്ന കേന്ദ്രഭരണത്തിനു കീഴിൽ രാജ്യത്തെ പാഠപുസ്തകങ്ങളെ കാവിവത്കരിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ മുന്നോട്ടുപോവുകയാണ്. തങ്ങൾക്കു ഹിതകരമല്ലാത്ത പാഠഭാഗങ്ങൾ വെട്ടിനിരത്തിയും താത്പര്യമുള്ളവ ചരിത്രത്തെ വളച്ചൊടിച്ചുകൊണ്ടുപോലും ഉൾപ്പെടുത്തിയുമാണ് പാഠപുസ്തകങ്ങളുടെ ഈ കാവിവത്കരണം നടക്കുന്നത്. ഇതിന്റെ ഭാഗമായിട്ടാണ് ആറുമുതൽ 12 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങളിലെ ചരിത്രം, രാഷ്ട്രമീമാംസ, സമൂഹികശാസ്ത്രം, പൗരശാസ്ത്രം, ഹിന്ദിഭാഷ എന്നിവയിൽനിന്ന് സുപ്രധാന വിവരങ്ങളും അധ്യായങ്ങളും എൻ.സി.ഇ.ആർ.ടി. വെട്ടിനിരപ്പാക്കിയ വാർത്ത പുറത്തുവരുന്നത്.

2014 ൽ നരേന്ദ്ര മോദിസർക്കാർ അധികാരത്തിലെത്തിയതിനുശേഷം വലിയ മാറ്റങ്ങളാണു നടപ്പാക്കുന്നത്. പാഠപുസ്തകത്തിൽ വരുത്തിയ എല്ലാ തിരുത്തലുകളുടെയും മാറ്റങ്ങളുടെയും സമഗ്രപട്ടിക എൻ.സി.ഇ.ആർ.ടി. കഴിഞ്ഞ വർഷം പുറത്തിറക്കിയിരുന്നു. എന്നാൽ, അധ്യയനവർഷം ആരംഭിച്ചതിനാൽ അന്ന് അതു പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല. ചരിത്രഭാഗങ്ങൾ നീക്കം ചെയ്ത് പുനഃപ്രസിദ്ധീകരിച്ച പുസ്തകങ്ങൾ 2023-2024 അക്കാദമിക് വർഷമായപ്പോഴാണ് പുറത്തിറങ്ങുന്നത്. പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽനിന്ന് മുഗൾചരിത്രം, ജനാധിപത്യം, ബഹുസ്വരത തുടങ്ങിയ പാഠഭാഗങ്ങൾ എൻ.സി.ഇ.ആർ.ടി. ഒഴിവാക്കി.

**ഗാന്ധിവധം പാഠപുസ്തകങ്ങളിൽനിന്ന് ഒഴിവാക്കി**

പ്രധാനപ്പെട്ട തിരുത്തലുകൾ നടത്തിയത് 12-ാം ക്ലാസിൽ കഴിഞ്ഞ പതിനഞ്ചു വർഷമായി വിദ്യാർഥികൾ പഠിച്ചുപോന്ന എൻ.സി.ഇ.ആർ.ടിയുടെ രാഷ്ട്രതന്ത്രശാസ്ത്രപുസ്തകത്തിലാണ്. ഒഴിവാക്കപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ഭാഗം ശ്രദ്ധിക്കുക: 'ഹിന്ദു - മുസ്‌ലിം ഐക്യത്തിനുവേണ്ടിയുള്ള ഗാന്ധിജിയുടെ ദൃഢചിത്തവും നെഞ്ചുറപ്പുള്ളതുമായ തീവ്രോദ്യമം അത്രത്തോളമാകയാൽ അത് ഹിന്ദുത്വ തീവ്രവാദികളെ പ്രകോപിപ്പിക്കുകയും അവർ ഗാന്ധിജിയെ വധിക്കാൻ അനേകം ശ്രമങ്ങൾ നടത്തുകയും ചെയ്തു. ഗാന്ധിജിയുടെ കൊലപാതകം രാജ്യത്തെ വർഗീയസ്ഥിതിവിശേഷത്തിൽ മാന്ത്രികമായ പ്രഭാവമാണുണ്ടാക്കിയത്. വർഗീയവിദ്വേഷം പ്രചരിപ്പിക്കുന്ന സംഘടനകളെ ഇന്ത്യൻ സർക്കാർ ശക്തമായി അടിച്ചമർത്താൻ തുടങ്ങി. ആർ.എസ്.എസ്. പോലുള്ള സംഘടനകളെ അല്പകാലം നിരോധിച്ചു.' ഗാന്ധിവധവുമായി ബന്ധപ്പെട്ട് സംഘ്പരിവാറിനെതിരേ ഉയർന്ന ആരോപണങ്ങളെ ചരിത്രത്തിൽനിന്നു തുടച്ചുമാറ്റുന്നതിനുവേണ്ടിയാണ് ഈ തമസ്കരണമെന്ന് ഇതിൽനിന്നു വ്യക്തമാണ്.

▶10

# ചെവിയോർക്കുമോ നിങ്ങൾ പരസ്പരം?



ജോസ് വഴുതനപ്പള്ളി

ഒരു ബാങ്കിൽ ഒരു കാഷ്യർ ഉണ്ടായിരുന്നു. രണ്ടാം നിലയിലായിരുന്നു ബാങ്ക്. അവിടെ അന്നത്തെക്കാലത്തെ ഉയരമുള്ള കൗണ്ടറിൽ ഒരു ചക്രവർത്തിയുടെ പ്രൗഢിയിൽ അയാൾ ഇരിക്കുമായിരുന്നു. അധികം ആരോ



ടും സംസാരിക്കുമായിരുന്നില്ല. ആരെങ്കിലും അക്കൗണ്ട് തുറക്കാൻ വന്നാൽ അയാൾ ചോദിക്കുമായിരുന്നു താഴത്തെ നിലയിൽ വേറേ ബാങ്കുകൾ ഒന്നുമില്ലേ എന്ന്. എപ്പോഴും ഒരു രൗദ്രഭാവമായിരുന്നു മുഖത്ത്. താൻ എന്തോ 'സംതിങ്' ആണ് എന്ന ഭാവം ആ നോട്ടത്തിലും ശരീരഭാഷയിലും കാണാമായിരുന്നു. തനിക്കൊന്നും വേണ്ടികളയാൻ എന്റെ കൈയിൽ സമയമില്ല എന്ന് ആ മുഖഭാവം വിളിച്ചോതി. ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അതിനെ ഖണ്ഡിക്കും; കുറ്റപ്പെടുത്തും. അതിനൊരു മോശം കമന്റ് പാസ്സാക്കും. അല്ലെങ്കിൽ മനസ്സിലെങ്കിലും ഇത്തരം വികടചിന്തകൾ കൊണ്ടുവരും.

ഇവിടെ ഒരു പ്രധാനപ്പെട്ട സ്ഥിതിവിശേഷത്തെക്കുറിച്ചാണ് നാം ചില കാര്യങ്ങൾ മനസ്സിലാക്കേണ്ടത്. മറ്റുള്ളവർ എന്തെങ്കിലും നമ്മോട് ആശയവിനിമയം നടത്താൻ ഒരുങ്ങുമ്പോൾ അതിനൊരു ബാധയായി നിൽക്കുന്നത് നമ്മുടെ മനസ്സിൽ നാം നടത്തുന്ന മേൽപ്പറഞ്ഞ തരത്തിലുള്ള സമാന്തരസംവാദങ്ങളാണ്. കാഷ്യർ അയാളുടെ മനസ്സിലുള്ള വ്യാഖ്യാതാവിനെ അടക്കിനിർത്തുക എന്നതാണ് അയാൾക്കുള്ള ഏറ്റവും വലിയ വെല്ലുവിളി. ഇതിനെ നേരിടാൻ ബോധപൂർവമായ ഒരു ശ്രമം ആവശ്യമാണ്. അതിനു സാധിച്ചാൽ കാഷ്യർക്കു ഭംഗിയായി ആശയവിനിമയം നടത്താനാകും.

കാഷ്യർക്കുണ്ടായിരുന്ന മറ്റൊരു പ്രശ്നം ആരെങ്കിലും എന്തെങ്കിലും പറഞ്ഞുതുടങ്ങുമ്പോൾത്തന്നെ അതിനെ തടസ്സപ്പെടുത്തുന്ന ചിന്തകൾ കടന്നുവരുന്നു എന്നതാണ്. അയാൾ അപ്പോൾ പറയാതെ പറയും; എനിക്ക് അതിനെക്കാൾ പ്രധാനപ്പെട്ട, രസകരമായ, വിലപ്പെട്ട കാര്യങ്ങൾ പറയാനുണ്ട്. നിങ്ങൾ ഒന്നു മിണ്ടാതിരിക്കുക. നിങ്ങൾ പറയുന്നതിനൊക്കെ ഞാൻ പുല്ലുവിലയാണു കല്പിക്കുന്നത്. നിങ്ങൾ പറയുന്നതൊന്നും കേൾക്കാൻ എനിക്കു മനസ്സില്ല. ഞാൻ ഒരു വിശിഷ്ടവ്യക്തിയാണ്.

വർഷങ്ങളായി നാം വാർത്തെടുത്ത ഇത്തരം സ്വഭാവവിശേഷങ്ങൾ ഉണ്ടെങ്കിൽ അത് ഒന്നു മാറ്റിയെടുക്കാൻ നന്നേ പണിപ്പെടേണ്ടിവരും. പക്ഷേ, സാധ്യമായാൽ വിസ്മയാവഹമായ ചില മാറ്റങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടാകും.

ശ്രദ്ധയോടെയുള്ള ശ്രവണം നമ്മുടെ ചുറ്റിലുമുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്തും. അതിനെ സുദീർഘമായി നിലനിറുത്താനും സഹായിക്കും. നമ്മുടെ പ്രശ്നങ്ങളെ നേരത്തേതന്നെ മനസ്സിലാക്കി തിരുത്താനായാൽ അത് നമ്മുടെ വ്യക്തിജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്തും. ധാരാളം നല്ല അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് അഭിവൃദ്ധി ഉണ്ടാക്കാം; വിജയം കൈവരിക്കാം.

മറ്റുള്ളവരെ തടസ്സപ്പെടുത്താതെ സംസാരിക്കാൻ അനുവദിക്കുക. ശ്രവണവേളകളിൽ പെട്ടെന്ന് ചില അനുബന്ധചിന്തകൾ നമ്മുടെ മനസ്സിലേക്കു കടന്നുവന്നേക്കാം. ഒരുപക്ഷേ, അതു നമ്മുടെ ഒരനുഭവമോ മറ്റാരുടെയെങ്കിലും കഥയോ ആകാം. പക്ഷേ, അയാൾ പറഞ്ഞുതീരുന്നതുവരെ ക്ഷമയോടെ കാത്തിരിക്കാനാകുന്നിടത്താണ് നമ്മുടെ പാടവം തെളിയേണ്ടത്.

പലപ്പോഴും സാധാരണക്കാർക്ക് ആരോടെങ്കിലും എന്തെങ്കിലുമൊക്കെ പറയാൻ ഒരു താത്പര്യം കാണും. അപ്പോഴൊന്നും ഇടയ്ക്ക് ഇടിച്ചുകയറി തന്റെ ചിന്തകളും അഭിപ്രായവും അടിച്ചേല്പിക്കുന്നവരെ ആർക്കും ഇഷ്ടമാകുകയില്ല. സംസാരിക്കുന്നയാൾക്കാണ് നാം പ്രാധാന്യം കൊടുക്കേണ്ടത്.

സാറ ഡസ്സൻ പറയുന്നത് ശ്രദ്ധിക്കുക: "ഇതാണ് ഒരു നല്ല കേൾവിക്കാരന്റെ പ്രശ്നം. അവർ നിങ്ങളുടെ വാക്കുകൾക്കിടയിലേക്കു നിങ്ങൾ പറയുന്നത് തടസ്സപ്പെടുത്തി ഇടിച്ചുകയറുകയില്ല. നിങ്ങളെ കടത്തിവെട്ടുന്ന പ്രസ്താവനകൾ നടത്തി നിങ്ങളെ വഴിതിരിക്കില്ല. അവർ അവസാനംവരെ കാത്തിരിക്കും, നിങ്ങൾക്ക് അഭംഗുരം പറഞ്ഞുതീർക്കാനുള്ള അവസരം തന്നുകൊണ്ട്." ഭക്ഷണവും വെള്ളവും പോലെ എല്ലാ മനുഷ്യരും ആഗ്രഹിക്കുന്ന കാര്യമാണ് ആരെങ്കിലുമൊക്കെ തന്റെ കാര്യങ്ങൾ ശ്രദ്ധിക്കാനും ശ്രവിക്കാനും ഉണ്ടാകുക എന്നത്. പക്ഷേ, ഇന്നാർക്കും ഒന്നിനും സമയമില്ല. ശ്രദ്ധിക്കുന്നുണ്ട് എന്നു ഭാവിക്കുകമാത്രം ചെയ്യുന്നു. ഇതിനിടയിൽ ടിവി നോക്കുന്നു അല്ലെങ്കിൽ മൊബൈലിൽ വിരലോടിക്കുന്നു.

### ശാരീരികസംജ്ഞകൾ

ആശയവിനിമയത്തിൽ ഏതാണ്ട് 75 ശതമാനം പറയാതെ പറയുന്ന കാര്യങ്ങളാണ്. ഒരാൾ പറയുന്നതു ശ്രദ്ധിക്കുന്നതോടൊപ്പം അയാളുടെ മുഖഭാവം, സംസാരരീതി, ശോകഭാവം, വസ്ത്രധാരണം, അംഗവിക്ഷേപം തുടങ്ങി ഒട്ടനേകം കാര്യങ്ങൾകൂടി നിരീക്ഷിക്കണം. അപ്പോൾ മാത്രമേ വാക്കുകളിലൂടെ വെളിപ്പെടുന്നതിന്റെ മൂന്നിരട്ടിയോളം വരുന്ന സുപ്രധാന കാര്യങ്ങൾ നമുക്കു മനസ്സിലാകൂ. ശരീരഭാഷ നോക്കിയാൽ നമുക്കറിയാം തുറന്നുള്ള ഒരു സംവാദത്തിനു നാം കുറെക്കൂടി ഊന്നൽ കൊടുക്കണോ വേണ്ടയോ എന്ന്. അയാൾക്ക് എന്തെങ്കിലും ഭീതികൾ ഉണ്ടോ? നിങ്ങളെ ഒരു സുഹൃത്തായിക്കരുതി മനസ്സിന്റെ വാതായനങ്ങൾ തുറക്കുന്നുണ്ടോ? വാക്കുകൾക്കപ്പുറം എന്തെങ്കിലും ഒളിമറകൾ കാണുന്നുണ്ടോ?

ശ്രവണം ഒരു കഴിവാണ്, കലയാണ്. അതിനു ക്ഷമയും തുറന്ന മനസ്സും വേണം. വിധികർത്താവാകാതെ അപരന്റെ മനസ്സിനോട് മനസ്സു ചേർക്കാനുള്ള സിദ്ധിയാണത്.

എനിക്കറിയാവുന്ന ഒരു അധ്യാപകനുണ്ട്. പേര് കരുണാകരൻ. പേരുപോലെതന്നെ കരുണാമയൻ. നാട്ടുകാരോടൊക്കെ വലിയ സ്നേഹമായിരുന്നു. ആരെക്കണ്ടാലും അല്പനേരമെങ്കിലും കുശലങ്ങൾ അന്വേഷിക്കും. അവരുടെ ജീവിതാനുഭവങ്ങൾ അറിയാൻ വലിയ താത്പര്യവും കാണിക്കുമായിരുന്നു. എല്ലാവരുടെയും പേരും വീട്ടുപേരും മറക്കാതെ ഓർത്തുവയ്ക്കും. വീട്ടിലെ മറ്റു കുടുംബാംഗങ്ങളുടെയും പേരറിയാം. അവരുടെ വിശേഷങ്ങൾ ചോദിച്ചറിയും. ആത്മാർഥമായി ഓരോന്നും സ്നേഹത്തോടെ ചോദിച്ചറിയുന്ന ഈ സ്വഭാവംകൊണ്ട് സാർ നാട്ടിലെല്ലാം എല്ലാവരുടെയും കണ്ണിലുണ്ണിയായിരുന്നു. സ്വന്തം കാര്യങ്ങൾ പറഞ്ഞ് ആരെയും ബോറടിപ്പിച്ചില്ല. മറ്റുള്ളവരുടെ നന്മകൾ കണ്ടപ്പോഴൊക്കെ അവരെയെല്ലാം വാനോളം പുകഴ്ത്തി. പലരും അവരുടെ കദനകഥകൾ സാറിനോടു പങ്കുവച്ച് വലിയ ആശ്വാസം തേടി. പരദുഃഖങ്ങൾ നന്നേ മനസ്സിലാക്കുമായിരുന്ന സാർ അവരുടെ മനസ്സുകളിൽ സാന്ത്വനത്തിന്റെ പാൽക്കുഴമ്പു പുരട്ടുമായിരുന്നു.

ജീവിതത്തിൽ വിജയം വരിക്കുന്നവരൊക്കെ അത്തരക്കാരാണ്. ഏറെസമയം ശ്രവിക്കും. തനിക്കു പറയാനുള്ളതു ചുരുക്കിപ്പറയും. 'നാം മറ്റുള്ളരെ കാതോർക്കുമ്പോൾ അവർക്ക് അവരുടെ പ്രാധാന്യം വലുതായി ബോധ്യപ്പെടും. നാം എത്രയോ താത്പര്യത്തോടെ ശ്രദ്ധിക്കുന്നുവോ അത്രകണ്ട് അവരെ നിങ്ങൾ കാര്യമാക്കുന്നു, വലുതായി കാണുന്നു എന്ന ബോധ്യം അവർക്ക് ഇരട്ടിയാകും' എന്നാണ് റോയി ബെന്നറ്റിന്റെ വാക്കുകൾ.

കരുണാകരൻസാറിനെപ്പോലെയാകാൻ എളുപ്പമല്ല എന്ന് നമുക്കറിയാം. എന്നാൽ, ഒരു കാര്യം തീർച്ച! പരിശ്രമിക്കാമെങ്കിൽ നല്ലൊരു ശ്രവണകല വളർത്തിയെടുക്കാം. അതിന് ആദ്യം വേണ്ടുന്ന കാര്യം ചുറ്റിലും കാണുന്ന ജനസമ്മതരായ വ്യക്തികളെ നിരീക്ഷിക്കുക എന്നുള്ളതാണ്. പലരും വെറുക്കുന്ന വ്യക്തിത്വങ്ങളുണ്ട്. അവരെയും നോക്കണം. മറ്റുള്ളവരെ വെറുപ്പിക്കുന്ന അവരുടെ പ്രവണതകളുടെ ഒരു ലിസ്റ്റുണ്ടാക്കി അതൊക്കെ നമുക്ക് ഉപേക്ഷിക്കേണ്ടുന്ന കാര്യങ്ങളാണ് എന്നു പഠിക്കാം. നമുക്കപ്പോൾ ലഭ്യമാകുന്നത് ശ്രദ്ധിക്കാനുള്ള മികവാണ്; അത് ജീവിതകാലം മുഴുവൻ നമുക്ക് വിവേകവും ജ്ഞാനവും പകർന്നുതന്നുകൊണ്ടിരിക്കും. നാം ശ്രവിക്കാൻ തയ്യാറാകുമ്പോൾ മനസ്സിലാക്കുക, അത് അപരരോട് നമുക്കു നൽകാവുന്ന ഏറ്റവും വലിയ ആദരവാണെന്ന്.

ഡിയോഗെനെസ് പറയുന്നുണ്ട്, "നമുക്കെന്തിനാണ് രണ്ടു കാതുകളും ഒരു നാവും - അത് കൂടുതൽ ശ്രവിക്കാനും കുറച്ചുമാത്രം സംസാരിക്കാനുമാണ്" അഭിമുഖം നില്ക്കുന്ന ആളുടെ കണ്ണുകളിലേക്കു നോക്കാം, മറ്റെവിടെയും ശ്രദ്ധ പതറാതെ. വല്ലയിടത്തും നോക്കിയിരുന്നാൽ നമ്മുടെ താത്പര്യക്കുറവ് അവർക്ക് എളുപ്പം മനസ്സിലാകും. അതുപോലെ, വെറുതെ മരപ്പാവയാവാതെ ഇടയ്ക്കെല്ലാം നാം തലകുലുക്കുകയോ 'ശരി' എന്നു പറയുകയോ സഹഭാവം പ്രകടിപ്പിക്കുകയോ ചെയ്യാം. പറയുന്ന കാര്യത്തിലെ താത്പര്യം അങ്ങനെ പ്രകടമാക്കാം. ■

കവിത — ജോർജുകുട്ടി താവളം

## വ്യഥിതനായ യേശു

നേരായ മാർഗങ്ങളെ
മറന്ന മനുജർക്കു
പാരിതിൽ വഴികാട്ടാൻ
വന്നവൻ ദൈവാത്മജൻ
എന്നതാം സത്യം മറ-
ന്നവനെ ക്രൂശിക്കുവാ-
നന്ധകാരത്തിൽ ചരി-
ച്ചീടുവോരുറപ്പിച്ചു.

സത്യത്തിന്നുറവിടം
യേശുവിൻ ഹൃദയമ-
ന്നത്യന്തം ശോകാഗ്നിയിൽ
മുഴുകിക്കഴിയവേ
ശിഷ്യരോടവനോതി
'എന്റെയുള്ളത്തിൻ ദുഃഖം
മൃത്യുവോളവുമെത്തി
എന്തു ഞാൻ ചെയ്തിടേണ്ടൂ.'

ഗദ്സെമനിയിൽ വന്നു
യേശു കുമ്പിട്ടു മണ്ണിൽ
താതനാം ദൈവത്തോടു
പ്രാർഥിച്ചു കണ്ണീരോടെ
ചെന്നിണം വിയർപ്പായി-
ട്ടൊഴുകി ശരീരത്തിൽ-
നിന്നുമാനേരം മനോ-
വ്യഥതൻ കാഠിന്യത്താൽ.

'സാധ്യമെങ്കിലിപ്പാന-
പാത്രത്തെയെന്നിൽനിന്നും
മാറ്റിയെൻ മാനസത്തെ
ശാന്തമാക്കീടേണമേ
ആതങ്കത്താലെയർഥി-
ച്ചീടുന്നു ഞാനെന്നാലും
ആകട്ടെയവിടുത്തെ
ഹിതംപോൽ തന്നെയെല്ലാം.'

വല്ലാതെയവശനായ്
ശിഷ്യരോടേവം ചൊല്ലി
'എല്ലാരുമുറക്കം വി-
ട്ടെനിക്കായ് പ്രാർഥിക്കുവിൻ
ആത്മാവു സന്നദ്ധമാ-
ണെങ്കിലും ദുർബലമാ-
മെന്മേനിയാകെത്തളർ-
ന്നീടുന്നെന്നറിവൂ ഞാൻ.'

# വിയർപ്പിന്റെ വിലയറിയാതെ അപ്പം ഭക്ഷിക്കുന്നവരോ നിങ്ങൾ?



ഫാ. തോമസ്
പാട്ടത്തിൽചിറ CMF

**പ**രിശുദ്ധ കുർബാനയിൽ പങ്കുകൊള്ളാൻ പള്ളിയിൽ മുട്ടുകുത്തുന്ന ആ മനുഷ്യന്റെ പാദങ്ങൾ പലപ്പോഴും പിന്നിലിരുന്നു ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. വെള്ളകൾ വിണ്ടുകീറി വികൃതമാണവ. നീണ്ട നഖങ്ങൾക്കിടയിൽ കഴുകിയിട്ടും ശേഷിക്കുന്ന കട്ടയും മണ്ണും. കാലുകളുടെ പത്തിപ്പുറങ്ങളിൽ എഴുന്നുനില്ക്കുന്ന നാഡീഞരമ്പുകൾ. ഇവയെല്ലാം പറമ്പിൽ പകലന്തിയോളം പണിയുന്ന അയാളുടെ അധ്വാനത്തിന്റെ അടയാളങ്ങളാണ്. കാലത്തെഴുന്നേറ്റ് കറുമ്പിപ്പശുവിനെ കറക്കുന്നതോടെ തുടങ്ങും അയാളുടെ ദിനചര്യകൾ. പിന്നീടു പാടത്തും പച്ചക്കറിത്തോട്ടത്തിലുമെല്ലാം മാറിമാറി അയാളെ കാണാം. പറന്നുനടക്കുന്ന പക്ഷിയെപ്പോലെ! സർവവ്യാപിയാണോ എന്നുപോലും സംശയിച്ചുപോകും. മഞ്ഞും മഴയും വെയിലും വകവയ്ക്കാതെ മുള്ളുകളും തേളും തേരട്ടയും കൽച്ചീളുകളും കഴപ്പനുറുമ്പുകളുമുള്ള നിലത്തിലൂടെ നഗ്നപാദനായി പണിചെയ്തു നടക്കും. ബാറ്റയുടെ ബൂട്ടിനെക്കാൾ കട്ടിയുള്ളവയാണ് അയാളുടെ കാൽവെള്ളകൾ.

കൂലിത്തൊഴിലാളിയാണെങ്കിലും സ്വന്തം സ്ഥലത്തെന്നപോലെ ആത്മാർഥമായി അധ്വാനിക്കുന്ന അയാളുടെ അർപ്പണമനോഭാവം ആരെയും അതിശയിപ്പിക്കും. നിലമുഴാനും നടാനും നനയ്ക്കാനും കള പറിക്കാനും കീടനാശിനിയടിക്കാനും വിളവെടുക്കാനും വില്ക്കാനുമൊക്കെയുള്ള കാലവും കണക്കുകളും കലണ്ടറുമില്ലാതെ അയാൾക്കു കൃത്യമായറിയാം. ജോലിത്തിരക്കിനിടയിലും പിള്ളേരെ പള്ളിക്കൂടത്തിൽ ആക്കാനും പലചരക്കുകടയിൽ പോകാനും പത്രം വായിക്കാനും കുരിശു വരയ്ക്കാനുമൊക്കെ ആ സാധുവിനു സമയമുണ്ടുതാനും. വിലപ്പിടിപ്പുള്ള വിദേശനിർമിതവാച്ചുകൾ കെട്ടിയിട്ടും ഒന്നിനും സമയമില്ലാത്ത പരിഷ്കാരികളെക്കാൾ കൂടുതൽ മണിക്കൂറുകൾ വാച്ചുകെട്ടാത്ത, പത്രാസു കാട്ടാത്ത ആ പണിക്കാരനുണ്ടോ എന്നു തോന്നും. അക്ഷരജ്ഞാനം അധികമില്ലെങ്കിലും, അന്തിയിൽ അരണ്ടവെട്ടത്ത് മുറിയുടെ മുന്നിലിരുന്ന് മൂന്നാം ക്ലാസിലെ മകനു പുസ്തകത്താളുകൾ മറിച്ച് എന്തൊക്കെയോ പറഞ്ഞുകൊടുക്കുന്നതും കാണാം. പഠനത്തിൽ അവനു പ്രചോദനമേകാൻ ആ അപ്പന്റെ അടുപ്പംമാത്രം മതിയാകും. വിശ്രമമില്ലാതെ വേല ചെയ്തിട്ടും, അരമണിക്കൂർപോലും അസുഖമായിട്ട് അയാൾ കിടക്കുന്നത് ആരും കണ്ടിട്ടില്ല. കാരണം, അയാളുടെ അസ്ഥികൾക്ക് അനായാസതയും ശരീരത്തിനു ശേഷിയും അധ്വാനത്തെ വിലമതിക്കുന്ന ദൈവം വരമേകിയിട്ടുണ്ട്.

മെയ്യും മനവും മറന്നു വേലചെയ്യുന്നവരെ വന്ദിക്കാനും നന്ദിയോടെ ഓർക്കാനും അവരുടെ ആയുരാരോഗ്യങ്ങൾക്കായി പ്രാർഥിക്കാനുമുള്ളതാണ് തൊഴിലാളിദിനം. ചുമച്ചുകൊണ്ടും ചുമടെടുക്കുന്നവർ, ചങ്കു കലങ്ങുമ്പോഴും വണ്ടി വലിക്കുന്നവർ, പുകയും ചൂടും സഹിച്ച് പാചകമുറികളിൽ പലഹാരങ്ങൾ പാക

## മേയ് 1 തൊഴിലാളിദിനം

പ്പെടുത്തുന്നവർ, നിർമാണമേഖലകളിൽ നിന്നുതിരിയാൻപോലും നേരമില്ലാത്തവർ, എണ്ണപ്പാടങ്ങളിൽ എരിഞ്ഞുതീരുന്നവർ, കല്ലുകളോടു മല്ലടിക്കുന്നവർ... ഇങ്ങനെ നീളുന്നു നടുവു നിവർത്താതെ പണിചെയ്യുന്നവരുടെ പട്ടിക. തൊഴിലാളികളെ തൊഴാം. പ്രകൃതിയുടെ പച്ചപ്പിനെ പരിപാലിക്കുന്നതും ലോകത്തിന്റെ അഭിവൃദ്ധിക്കു ചുക്കാൻ പിടിക്കുന്നതും അവരാണ്. നടുകയും നനയ്ക്കുകയും കിളയ്ക്കുകയും കള പറിക്കുകയും കൊയ്യുകയുമൊക്കെ ചെയ്യുന്ന അവരുടെ വിയർപ്പാണ് വിരുന്നുമേശയിൽ വിഭവങ്ങളായി നാം വിളമ്പുന്നത്. അവരുടെ വിരൽപ്പാടുകൾ പതിഞ്ഞ വീടുകളിലാണ് സുരക്ഷിതരായി, സുഖമായി നാം കഴിയുന്നത്. അവർ തുന്നിത്തരുന്ന തുണിത്തരങ്ങളാണ് അഭിമാനത്തോടെ നാം അണിഞ്ഞുനടക്കുന്നത്. അവർ കുത്തിക്കെട്ടുന്ന ചെരിപ്പുകളാണ് നമ്മുടെ പാദങ്ങളെ സംരക്ഷിക്കുന്നത്. എന്തിനേറെ, കുടിവെള്ളത്തിലും ശ്വാസവായുവിലും വരെ വേലചെയ്യുന്നവരുടെ വിയർപ്പിന്റെ രുചിയും ഗന്ധവുമുണ്ട്.

അധ്വാനം അനാദിമുതലേയുള്ളതാണ്. അതിനു പ്രപഞ്ചത്തോളം പ്രായമുണ്ട്. നെറ്റിയിലെ വിയർപ്പുകൊണ്ടു നേടുന്നതിനാൽ വിശപ്പടക്കാൻ മനുഷ്യർ വിധിക്കപ്പെട്ട നേരംമുതൽ (ഉത്പത്തി 3:17) നാളിതുവരെ നദീതടങ്ങളും നാട്ടിൻപുറങ്ങളും നഗരമുഖങ്ങളും ഒരുപോലെ അവരുടെ വിയർപ്പുകണങ്ങൾ വീണു കുതിർന്നുകൊണ്ടിരിക്കുകയല്ലേ? രാഷ്ട്രീയപ്രവർത്തകനും മതവിശ്വാസിയും മൗലികവാദിയുമൊക്കെ ആകുന്നതിനുമുമ്പേ മനുഷ്യൻ തൊഴിലാളിയായിരുന്നു. അധ്വാനമായിരുന്നു അവന്റെ ആദ്യത്തെ അറിവും അധ്യാപകനും. സംസ്കാരങ്ങളിൽ പ്രഥമം തൊഴിൽ സംസ്കാരം ആണെന്നു കണക്കാക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. സമ്പന്നമായ സംസ്കാരങ്ങളുടെ സൂര്യോദയങ്ങളിൽ മുഴങ്ങിയിരുന്നത് വയലുകളെ വരഞ്ഞുകീറിയ കലപ്പകളുടെയും കാലിക്കുളമ്പടികളുടെയും പൊങ്ങിത്താഴ്ന്ന പണിയായുധങ്ങളുടെയുമൊക്കെ സ്വരങ്ങളായിരുന്നു. തൊഴിലിനെ ലാളിക്കുന്നവരാണു തൊഴിലാളികൾ. അവരാരും ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തിന്റെ കണ്ടുപിടിത്തമല്ല. നരന്റെ നിറവും മണ്ണിന്റെ മണവുമാണ് അവർക്കുള്ളത്. അവരുടെ അർഹമായ അവകാശങ്ങളെ അംഗീകരിക്കാനും വിഹിതമായ വേതനം ഉറപ്പുവരുത്താനും അധികാരത്തിൽ



വരുന്നവർക്കു കക്ഷിഭേദമെന്യേ കടമയുണ്ട്.

വേലക്കാരുടെ വിശ്വസ്ത

> വിശ്വശില്പിയായവന്റെ വിശ്രമമില്ലാത്ത വിരലുകളാണ് അധ്വാനിക്കുന്ന മനുഷ്യർ. താൻ തുടർന്നുകൊണ്ടുപോകുന്ന സൃഷ്ടികർമത്തിൽ സഹകാരികളാകാനുള്ള അവിടുത്തെ ആഹ്വാനത്തിനു മനുഷ്യർ നല്കുന്ന പ്രത്യുത്തരമാണ് അവരുടെ അനുദിനമുള്ള അധ്വാനം. അവരുടെ വിയർപ്പുതുള്ളികളാണ് മണ്ണിനു ഫലപുഷ്ടിയേകുന്നത്. അവരുടെ ശ്വാസോച്ഛ്വാസങ്ങളാണ് പ്രതിനിമിഷം പ്രപഞ്ചത്തെ പുനർജനിപ്പിക്കുന്നത്.

തയെ വിലമതിക്കുന്ന ഒരു വയലുടമയെ യേശുവിന്റെ ഉപമകളിലൊന്നിൽ നാം കണ്ടുമുട്ടുന്നുണ്ട്. പുലരിമുതൽ പൊരിവെയിലത്തു പണിതവർക്കും മൂവന്തിയിലെത്തി മുക്കാൽ മണിക്കൂർമാത്രം മുന്തിരിച്ചുവട്ടിൽ മണ്ണു കിളച്ചവർക്കും തുല്യവേതനം വീതിക്കുന്നവൻ! അധ്വാനത്തിലുള്ള അവരുടെ ആത്മാർഥതയ്ക്കാണ് അയാൾ വിലയിടുന്നത്. മനുഷ്യപ്പറ്റുള്ള ആ മുതലാളിയെപ്പോലെ വേലക്കാരോടു വാത്സല്യത്തോടെ വർത്തിക്കാൻ മേലാളന്മാർക്കു ബാധ്യതയുണ്ട്. കാര്യസ്ഥന്മാരാകുന്ന കാലംമുതൽ കണ്ണിൽക്കണ്ടതിനെല്ലാം പണിക്കാരെ പഴിപറയാനും പിരിച്ചുവിടാനും കാരണങ്ങൾ കണ്ടുപിടിക്കാൻ മാത്രം കറങ്ങിനടക്കുന്നവരുണ്ട്. കയർക്കാനും കുറ്റം പറയാനുമല്ലാതെ സഹതാപത്തോടെ സംസാരിക്കാനോ സഹോദരങ്ങളെപ്പോലെ അവരെ സ്നേഹിക്കാനോ അത്തരക്കാർക്കു സാധിക്കില്ല. ഓർക്കാം, ആരും ആരുടെയും അടിമകളായി അവതരിക്കുന്നില്ല. ജീവിതസാഹചര്യങ്ങൾ ചിലരെ അങ്ങനെ ആക്കുന്നുവെന്നേയുള്ളൂ. വേലക്കാർ വെറുക്കപ്പെടേണ്ട വ്യക്തികളല്ല. അവരെ ദൈവം നമുക്കു ഭരമേല്പിക്കുകയാണ്. അവരും മനുഷ്യരാണ്. ശാരീരികാസ്വസ്ഥതകളും മാനസികപിരിമുറുക്കങ്ങളും ആകുലതകളും ആശങ്കകളും അവർക്കുമുണ്ട്. അവരെ ആദരിക്കുന്നവനാകണം മുതലാളി. അല്ലാതെ, മുതലിനെമാത്രം ലാളിക്കുന്നവനാകരുത്. വേലക്കാരുടെ വിലാപവും മിഴിനീരും മുതലാളിയുടെമേലുള്ള മാറാശാപങ്ങൾതന്നെ. അതുപോലെതന്നെ, തങ്ങൾ ചെയ്യുന്ന തൊഴിലിനോടു നീതിപുലർത്താനും അതിനുള്ള അവസരങ്ങളും പ്രതിഫലവും നല്കുന്നവരോടു നന്ദിയുള്ളവരായി ജീവിക്കാനും തൊഴിലാളികൾക്കും ധാർമികപ്രതിബദ്ധതയുണ്ട്.

നസ്രത്തിലെ ഔസേപ്പ് എന്ന തച്ചൻ തൊഴിലാളികളുടെ മധ്യസ്ഥൻ മാത്രമല്ല, മാതൃകയുമാണ്. അരചവംശജനായിരുന്നെങ്കിലും അതിന്റെ അന്തസ്സോ ആഭിജാത്യമോ നോക്കാതെ ആശാരിപ്പണിയെ ആശ്രയിച്ചവനാണവൻ! കുലമഹിമയ്ക്കല്ല, കൂലിപ്പണിയുടെ മഹിമയ്ക്കാണ് അവൻ കൂടുതൽ മൂല്യം കല്പിച്ചത്. അധ്വാനത്തിൽ ലവലേശം ആ ആശാരി ലജ്ജിച്ചില്ല. വളർത്തുപുത്രനായ ഈശോയും അവനെ കണ്ടാണു പഠിച്ചതും വളർന്നതും. അധ്വാനമെന്തെന്ന് അവനും അറിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് വേല ചെയ്തു വിവശരായവരോടും ഭാരമേന്തി ഭഗ്നാശരായവരോടും തന്റെയടുത്തിരുന്നു തളർച്ചയകറ്റാനും ആശ്വാസം അനുഭവിക്കാനും അവൻ ആവശ്യപ്പെട്ടത് (മത്താ. 11:28). വാസ്തവത്തിൽ, കരകൗശലനും കർമനിരതനുമായ ഒരു ദൈവത്തിന്റെ കഥയോടേയല്ലേ വേദഗ്രന്ഥംപോലും തുടങ്ങുന്നത് (ഉത്പത്തി 1:2). വിശ്വശില്പിയായവന്റെ വിശ്രമമില്ലാത്ത വിരലുകളാണ് അധ്വാനിക്കുന്ന മനുഷ്യർ. താൻ തുടർന്നുകൊണ്ടുപോകുന്ന സൃഷ്ടികർമത്തിൽ സഹകാരികളാകാനുള്ള അവിടുത്തെ ആഹ്വാനത്തിനു മനുഷ്യർ നല്കുന്ന പ്രത്യുത്തരമാണ് അവരുടെ അനുദിനമുള്ള അധ്വാനം. അവരുടെ വിയർപ്പുതുള്ളികളാണ് മണ്ണിനു ഫലപുഷ്ടിയേകുന്നത്. അവരുടെ ശ്വാസോച്ഛ്വാസങ്ങളാണ് പ്രതിനിമിഷം പ്രപഞ്ചത്തെ പുനർജനിപ്പിക്കുന്നത്. ആയതിനാൽ, ക്രിയാത്മകവും കളങ്കരഹിതവുമായ ഏതൊരു തൊഴിലിനും അതിന്റേതായ അഴകും വിശുദ്ധിയും വൈശിഷ്ട്യവുമുണ്ട്. അധ്വാനം ആരാധനയാണ് എന്ന മഹാത്മജിയുടെ മൊഴികളും ഈ സങ്കല്പത്തെയാണ് സാധൂകരിക്കുന്നത്. തൊഴിലഴകിനെ പ്രണയിക്കാനാകട്ടെ പുതിയ തലമുറയുടെ അഭിനിവേശം. ഓർക്കണം, കഠിനാധ്വാനിയുടെ കരളിൽ കർത്താവിന്റെ കൈയൊപ്പും, കുടുംബത്തിൽ കെടാത്ത കൃപാദീപവും കണിശമായുണ്ടാകും. സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നവരുടെയും വചനം വിതയ്ക്കുന്നവരുടെയും പോലെതന്നെ പവിത്രവും പൂജനീയവുമാണ് വിയർപ്പൊഴുക്കി വേല ചെയ്യുന്നവരുടെയും പൊടിപിടിച്ച പാദങ്ങൾ. അവർക്കേവർക്കും തൊഴിലാളിദിനത്തിൽ പ്രപഞ്ചത്തിന്റെ പ്രണാമം! ■

# ചക്രവാളങ്ങൾ കീഴടക്കാൻ സൂപ്പർ സ്റ്റാർഷിപ്പ്




ഡോ. റ്റീന മാത്യു

**ലോ**കചരിത്രത്തിൽ നിർമിക്കപ്പെട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ശക്തവും കരുത്തുറ്റതും ഉയരംകൂടിയതുമായ സ്റ്റാർഷിപ്പ് റോക്കറ്റ് അദ്ഭുതങ്ങളുടെ മായാപ്രപഞ്ചം സൃഷ്ടിച്ചുകൊണ്ട് ചക്രവാളങ്ങൾ കീഴടക്കാനായി അമേരിക്കയിലെ ടെക്സസിലുള്ള വിക്ഷേപണത്തറയിൽ തലയുയർത്തി നില്ക്കുകയാണ്. അമേരിക്കൻ സംരംഭകനായ എലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള സ്പേസ് എക്സ് കമ്പനി വികസിപ്പിച്ചെടുത്ത, നിലവിലെ ബഹിരാകാശയാത്രയുടെ അതിർവരമ്പുകളെ ഛിന്നഭിന്നമാക്കുന്ന ഈ പുതിയ വാഹനത്തിന്റെ ദീർഘകാലമായി കാത്തിരുന്ന കന്നിവിക്ഷേപണത്തിന് യുഎസ് ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ ഇക്കഴിഞ്ഞ വെള്ളിയാഴ്ച അനുമതി നല്കി. ഭൂമിയുടെ ഭ്രമണപഥത്തിലേക്കും ചന്ദ്രനിലേക്കും ചൊവ്വയിലേക്കും അതിനപ്പുറത്തേക്കും ജീവനക്കാരെയും ചരക്കും സുഗമമായി കൊണ്ടുപോകാനും ഭൂമിയിലെ പോയിന്റ്- റ്റു-പോയിന്റ് ഗതാഗതം, അതായത്, ലോകത്തെവിടെയും ഒരു മണിക്കൂറോ അതിൽക്കുറവോ ദൈർഘ്യത്തിൽ സഞ്ചാരം സാധ്യമാക്കാനുമായി രൂപകല്പന ചെയ്തിരിക്കുന്ന പൂർണമായും പുനരുപയോഗിക്കാവുന്ന ഈ ഗതാഗതസംവിധാനത്തിൽ സൂപ്പർ ഹെവി റോക്കറ്റും അതിനുമുകളിലായി സ്റ്റാർഷിപ്പ് എന്ന ബഹിരാകാശപേടകവും ഉൾപ്പെടുന്നു. നാസയുടെ സ്വന്തം ബഹിരാകാശവാഹനത്തെക്കാൾ രണ്ടു മടങ്ങ് ശക്തമായി രൂപകല്പന ചെയ്ത സ്റ്റാർഷിപ്പ് സാധാരണ മനുഷ്യർക്ക് ഗ്രഹാന്തരയാത്രയുടെ ഒരു യുഗം സാധ്യമാക്കുന്ന നിർണായകനാഴികക്കല്ലായി മാറിയേക്കുമെന്ന് മസ്ക് ഉറച്ചുവിശ്വസിക്കുമ്പോഴും ഒരു വിജയകരമായ അരങ്ങേറ്റപ്പറക്കൽ ഭൂമിയിലെ ഏറ്റവും ശക്തമായ വിക്ഷേപണവാഹനമായി ഈ റോക്കറ്റ് സമുച്ചയത്തെ തൽക്ഷണം റാങ്കു ചെയ്യും.







സ്റ്റാച്യു ഓഫ് ലിബർട്ടിയെക്കാൾ ഉയരത്തിൽ ഏകദേശം 120 മീറ്ററിൽ അംബരചുംബിയായി വിഹരിക്കുന്ന സ്റ്റാർഷിപ്പ് തിളങ്ങുന്ന സ്റ്റെയിൻലസ് സ്റ്റീൽകൊണ്ടാണ് നിർമിച്ചിരിക്കുന്നത്. ഓരോ അണുവിന്റെ ഭാരവും പ്രാധാന്യമുള്ളതായി കണക്കാക്കപ്പെടുന്ന ഒരു ബിസിനസ് പ്രകിയയിൽ നൂതനവും സമൃദ്ധവും ഭാരവും വിലയും കുറഞ്ഞതുമായ സംയുക്തങ്ങളിൽനിന്ന് അസാധാരണമായ ഒരു തിരഞ്ഞെടുപ്പിലൂടെ അവിശ്വസനീയമായ വിധം കഠിനമായ ഉരുക്കിനെ റോക്കറ്റിനായി ഉപയോഗപ്പെടുത്താമെന്നു കണ്ടുപിടിക്കപ്പെട്ടു. റാപ്റ്ററുകൾ എന്നു വിളിക്കപ്പെടുന്ന 33 കരുത്തുറ്റ എഞ്ചിനുകൾ ഊർജം പകരുന്ന റോക്കറ്റിന്റെ പ്രധാന ഇന്ധനം പാരമ്പര്യേതര മീഥെയ്നായതിനാൽ ചൊവ്വയിലും മറ്റും കാണപ്പെടുന്ന മീഥെയ്നും ഭാവിയിൽ സഹായകമായേക്കാമെന്ന കണക്കുകൂട്ടലും ശാസ്ത്രലോകത്തിനുണ്ട്. ഇതുകൂടാതെ ബഹിരാകാശപേടകം പറക്കുന്നതിനായി ആറു റാപ്റ്ററുകൾ വേണം. ഇത്രയും സങ്കീർണവും വലുതുമായ റോക്കറ്റ് എഞ്ചിനുകൾ ഒരേ സമയം തൊടുത്തുവിടുന്നത് യഥാർഥത്തിൽ ബുദ്ധിമുട്ടേറിയതും വെല്ലുവിളികൾ നിറഞ്ഞതുമാണ്.

ഒടുവിൽ ഒരുനാൾ സൂര്യൻ വികസിക്കുകയും എല്ലാ ജീവജാലങ്ങളെയും നശിപ്പിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ ബഹിരാകാശയാത്ര, നാഗരികത അഭ്യസിച്ച ഒരു ബഹുഗ്രഹസ്പീഷിസ് (വിവിധ ഗ്രഹങ്ങളിൽ ജീവിക്കാനുള്ള ശേഷി) ആകുക എന്ന ബദൽ സംവിധാനം ദീർഘകാലാടിസ്ഥാനത്തിൽ അത്യാവശ്യമായി വന്നേക്കാമെന്ന് ശാസ്ത്രജ്ഞർ കരുതുന്നു. ഇതിലേക്കുള്ള നിർണായക ചുവടുവയ്പാണ് കുറഞ്ഞ നിരക്കിൽ നൂറുപേരെ വഹിക്കാവുന്ന, 150 മെട്രിക് ടൺ വാഹകശേഷിയുള്ള, ലക്ഷ്യസ്ഥാനത്ത് എത്തിയശേഷം ഭൂമിയുടെ അന്തരീക്ഷത്തിലേക്കു വീണ്ടും പറന്ന് വിക്ഷേപണസ്ഥലത്തു തിരികെയെത്തുന്ന സ്റ്റാർഷിപ്പ്. ദ്രുതഗതിയിലുള്ള പുനരുപയോഗം അർഥമാക്കുന്നത് ബഹിരാകാശത്തുനിന്നു മടങ്ങിയെത്തിയശേഷം ഒരു വിമാനത്തിലെന്നപോലെ സ്റ്റാർഷിപ്പിൽ ഇന്ധനം നിറയ്ക്കുകയും കുറഞ്ഞ സമയത്തിനുള്ളിൽ വീണ്ടും വിക്ഷേപിക്കുകയും ചെയ്യാമെന്നുള്ളതാണ്.

നിലവിലെ സാമ്പത്തിക അന്തരീക്ഷത്തിൽ ഒരുപക്ഷേ, വിക്ഷേപണം പരാജയപ്പെടുകയും സ്റ്റാർഷിപ്പ് ഷെഡ്യൂളിൽ പിന്നോട്ടുപോവുകയും ചെയ്താൽ അത് സ്പേസ് എക്സിന്റെ എല്ലാ ബിസിനസിനെയും ബാധിക്കുമെന്ന ബോധ്യമുള്ളതിനാൽ എല്ലാ പഴുതുകളെയും അടച്ച് അതീവശ്രദ്ധയോടെ തന്ത്രപൂർവകമായ ഒരു മുന്നേറ്റംമാത്രമാണ് ഭീമാകാരമായ ഈ അന്തർഗ്രഹറോക്കറ്റ് ലക്ഷ്യമിടുന്നത്. അങ്ങനെ സംഭവിച്ചാൽ ഭാവിയിൽ വാസയോഗ്യമല്ലാതായേക്കാവുന്ന ഭൂമിയിലെ സാഹചര്യങ്ങളെ ഛിന്നഗ്രഹങ്ങളുടെ കൂട്ടിമുട്ടലുകളെയും ഭയപ്പെടേണ്ടാത്ത അപകടകരമായ അവസ്ഥയിലേക്ക് മനുഷ്യൻ വളർന്നേക്കാം. ആദ്യപരീക്ഷണപ്പറത്തൽ അത്യന്തം സങ്കീർണമാണെന്നും വിജയം സമന്വയമായി ജ്വലിക്കുന്ന ഡസൻകണക്കിന് എഞ്ചിനുകളെ ആശ്രയിച്ചിരിക്കുന്നുവെന്നും സമ്മതിക്കുമ്പോഴും ഏപ്രിൽ 17 ന് ഏറെ പ്രതീക്ഷയോടെ നിശ്ചയിച്ചിരുന്ന ലോഞ്ച് സാങ്കേതികകാരണങ്ങളാൽ മാറ്റിവയ്ക്കപ്പെട്ടപ്പോഴും സമീപഭാവിയിൽത്തന്നെ അവിശ്വസനീയമായ രീതിയിൽ ഭൂമിക്കപ്പുറത്തെ മാസ്മരികലോകത്തേക്കുള്ള പുതിയ ജാലകങ്ങളും വാതായനങ്ങളും സ്റ്റാർഷിപ്പ് തുറന്നുതരുമെന്നു തന്നെയാണ് എലോൺ മസ്കിന്റെ സ്പേസ് എക്സ് ഉറച്ചുവിശ്വസിക്കുന്നത്. ■

ഭൂമിയുടെ ഭ്രമണപഥത്തിലേക്കും ചന്ദ്രനിലേക്കും ചൊവ്വയിലേക്കും അതിനപ്പുറത്തേക്കും ജീവനക്കാരെയും ചരക്കും സുഗമമായി കൊണ്ടുപോകാനും ഭൂമിയിലെ പോയിന്റ് - റ്റു - പോയിന്റ് ഗതാഗതം, അതായത്, ലോകത്തെവിടെയും ഒരു മണിക്കൂറോ അതിൽക്കുറവോ ദൈർഘ്യത്തിൽ സഞ്ചാരം സാധ്യമാക്കാനുമായി രൂപകല്പന ചെയ്തിരിക്കുന്ന പൂർണമായും പുനരുപയോഗിക്കാവുന്ന ഈ ഗതാഗതസംവിധാനത്തിൽ സൂപ്പർ ഹെവി റോക്കറ്റും അതിനുമുകളിലായി സ്റ്റാർഷിപ്പ് എന്ന ബഹിരാകാശപേടകവും ഉൾപ്പെടുന്നു.




*ദീപനാളം പബ്ലിക്കേഷൻസ് പുറത്തിറക്കിയ മാത്യു എം. കുര്യാക്കോസിന്റെ പ്രകൃതിക്കൊരു പുനർവായന എന്ന ഗ്രന്ഥം പ്രശസ്ത പരിസ്ഥിതിപ്രവർത്തകനായ സി.ആർ. നീലകണ്ഠൻ പാലാ രൂപത മുൻ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കനു നല്കി പ്രകാശനം ചെയ്യുന്നു.*

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



കർത്താവു നീതിമാന്മാരുടെ മാർഗം അറിയുന്നു; ദുഷ്ടരുടെ മാർഗം നാശത്തിൽ അവസാനിക്കും.

സങ്കീർത്തനങ്ങൾ 1:6

**എഡിറ്റോറിയൽ**

# ഗുണ്ടകൾ നാടുവാഴുമ്പോൾ

മുൻ എം.പിയും ഗുണ്ടാനേതാവുമായ അതിഖ് അഹമ്മദിന്റെയും സഹോദരൻ അഷ്റഫിന്റെയും കൊലപാതകത്തോടെ ഉത്തർപ്രദേശിലെ നിയമവാഴ്ചയില്ലായ്മയുടെ ബീഭത്സമുഖം ഒരിക്കൽക്കൂടി മറനീക്കി പുറത്തുവന്നിരിക്കുകയാണ്. കൊലക്കേസിൽപ്പെട്ടു ജയിലിലായിരുന്ന പ്രതികൾ ആരോഗ്യപരിശോധനയ്ക്കു വിധേയരായി മടങ്ങുംവഴിയാണ്, പോലീസും മാധ്യമങ്ങളും നോക്കിനില്ക്കേ അതിക്രൂരമായി വെടിയേറ്റു കൊല്ലപ്പെട്ടത്. മാധ്യമപ്രവർത്തകർ ചമഞ്ഞെത്തി നടത്തിയ കിരാതമായ ഇരട്ടക്കൊല യു.പിയിലെ ക്രിമിനൽരാഷ്ട്രീയത്തിന്റെ ഒടുവിലത്തെ ഉദാഹരണമാണ്. ഇന്ത്യൻജനാധിപത്യത്തിന്റെ വർത്തമാനമുഖം തെരുവിൽ കുറ്റവിചാരണയും ശിക്ഷാവിധിയും നടപ്പാക്കുന്ന പ്രാകൃതത്വത്തിലേക്കു വഴിമാറുന്നുണ്ടെങ്കിൽ, ഈ 'കാട്ടുനീതി'ക്കെതിരെ പടപൊരുതാനുള്ള ഇച്ഛാശക്തിയാണു നാടു ഭരിക്കുന്നവർക്കുണ്ടാകേണ്ടതെന്നു പറയാതെ വയ്യ.

നൂറ്റമ്പതോളം കേസുകളിൽ പ്രതിയാണ് കൊല്ലപ്പെട്ട ഗുണ്ടാത്തലവൻ അതിഖ് അഹമ്മദ്. ഇതിൽ നൂറിലധികവും കൊലപാതകങ്ങൾതന്നെ. ബലാത്സംഗം, തട്ടിക്കൊണ്ടുപോകൽ, അനധികൃതഖനനം തുടങ്ങിയ ഒട്ടനവധി കേസുകൾ വേറേയും. ഇത്രയേറെ ക്രിമിനൽ പശ്ചാത്തലമുള്ള ഒരാൾ യു.പിയിൽ അഞ്ചുതവണ നിയമസഭാംഗമായതും മറ്റും ദുരൂഹതകൾ നിറഞ്ഞ ചരിത്രമാണ്. ഒരുതവണ ലോകസഭാംഗവുമായി; അതും ജവഹർലാൽ നെഹ്റുവും വി.പി. സിംഗുമടക്കമുള്ള മഹാവ്യക്തികൾ പ്രതിനിധാനം ചെയ്തിരുന്ന ഫുൽപുർ മണ്ഡലത്തിൽനിന്ന്. സമാജ്‌വാദിപാർട്ടി, അപ്നാദൾ എന്നീ രാഷ്ട്രീയകക്ഷികളുടെ പ്രതിനിധിയും പിന്നീട് സ്വതന്ത്രനുമായാണ് ഇത്രയേറെത്തവണ ജനപ്രതിനിധിയായത്. പാർട്ടിയേതുമാകട്ടെ, ഗുണ്ടാത്തലവന്മാർ നാടുഭരിക്കുന്ന ദുരവസ്ഥ നമ്മുടെ ജനാധിപത്യത്തെ ശാപഗ്രസ്തമാക്കുന്നുവെന്നു പറയേണ്ടിയിരിക്കുന്നു.

ഏറ്റുമുട്ടൽകൊലപാതകങ്ങളുടെ പേരിൽ ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ സർക്കാർ ഇതിനോടകം ഒട്ടേറെ വിമർശനങ്ങൾ നേരിടുന്നതിനിടെയാണ് ഇരട്ടക്കൊലപാതകം ദേശീയതലത്തിൽ ചർച്ചാവിഷയമായിരിക്കുന്നത്. 2017 മുതൽ ഇതുവരെ നൂറ്റിയെൺപത്തിമൂന്ന് ക്രിമിനലുകളെ ഏറ്റുമുട്ടലിൽ കൊലപ്പെടുത്തിയെന്നും അയ്യായിരത്തിലേറെപ്പേർക്കു പരിക്കേറ്റിട്ടുണ്ടെന്നുമാണ് ഇക്കഴിഞ്ഞ ദിവസം യു.പി. പോലീസ് പുറത്തുവിട്ട റിപ്പോർട്ട്. യു.പിയിൽ 2022 ലെ തിരഞ്ഞെടുപ്പിൽ വിജയിച്ച 403 സ്ഥാനാർഥികളിൽ 51 ശതമാനം പേരും ക്രിമിനൽക്കേസുകളിൽ പ്രതികളാണെന്നും അവരിൽ 39 ശതമാനം പേർ കൊലപാതകം, കലാപം, സ്ത്രീപീഡനം തുടങ്ങിയ ഗുരുതരാരോപണങ്ങൾ നേരിടുന്നവരാണെന്നും അസോസിയേഷൻ ഫോർ ഡമോക്രാറ്റിക് റിഫോംസ് റിപ്പോർട്ടു ചെയ്യുന്നു. കേന്ദ്രഏജൻസികളുടെ അന്വേഷണം പ്രതിപക്ഷപാർട്ടികളിലേക്കു മാത്രമാകുന്നതും ബിജെപിയിൽ ചേർന്നാൽ അന്വേഷണം മരവിപ്പിക്കുന്നതും ചിലപ്പോൾ അസ്തമിക്കുന്നതുമൊക്കെ യോഗിയുടെ നീതിബോധത്തിന്റെ ഇരട്ടത്താപ്പുനയം വെളിപ്പെടുത്തുന്ന പ്രത്യക്ഷോദാഹരണങ്ങൾതന്നെ. കുറ്റവാളികളുടെ ക്രൂരകൃത്യങ്ങൾ ചൂണ്ടിക്കാട്ടി ധർമരോഷം കൊള്ളുന്ന ഭരണാധികാരികൾ സ്വന്തം പാർട്ടിയിലെ ക്രിമിനലുകളെക്കുറിച്ച് ഒരക്ഷരം ഉരിയാടാതിരിക്കുന്നതും അവരെ ഒളിപ്പിക്കുന്നതും ജനങ്ങളുടെ ഉറക്കം കൊടുത്തുന്നു.

എത്ര ഗുരുതരമായ കുറ്റകൃത്യത്തിൽപ്പെട്ടയാളാണെങ്കിലും, രാജ്യത്തെ നീതിന്യായസംവിധാനത്തിന്റെ എഴുതപ്പെട്ട ചട്ടങ്ങളെ മറികടന്ന് നിയമം കൈയിലെടുക്കാനോ തെരുവിൽ ശിക്ഷ വിധിക്കാനോ ഒരാൾക്കുമധികാരമില്ല. പൊലീസോ രാഷ്ട്രീയനേതൃത്വമോ അധികാരത്തിൽ ഇരിക്കുന്നവരോ അതിനു മുതിരുന്നുണ്ടെങ്കിൽ ഇന്ത്യയെപ്പോലൊരു ജനാധിപത്യരാജ്യത്തിന് അതു ഭൂഷണമല്ല. തെറ്റു ചെയ്തവരെ വിചാരണ ചെയ്യാനും അവർക്കു ശിക്ഷ വിധിക്കാനും നമ്മുടെ രാജ്യത്തു മതിയായ നീതിനിർവഹണസംവിധാനമുണ്ടെന്നതിൽ ആർക്കും തർക്കമില്ല. ആൾക്കൂട്ടം വിചാരകരാകുന്നതും രാഷ്ട്രീയഗുണ്ടകൾ ആയുധമെടുക്കുന്നതും പോലീസ് നിഷ്ക്രിയരായി നോക്കിനില്ക്കുന്നതും രാജ്യസമാധാനത്തിനു വൻഭീഷണി ഉയർത്തുന്നു. ഒരു ക്രിമിനലിനു ശിക്ഷ വിധിക്കാൻ മറ്റൊരു ക്രിമിനൽ ഒരുമ്പെടുന്നതു ക്രമസമാധാനത്തകരാറാണ്. പൊലീസിന്റെ കനത്ത നിയന്ത്രണപരിധിക്കുള്ളിലേക്ക് അതിക്രമിച്ചുകയറി ഒരു പ്രതിയെ വെടിവച്ചുകൊല്ലാൻമാത്രം വളർന്ന ക്രിമിനലുകൾ ഭരിക്കുന്ന നാടായി നമ്മുടെ ഭാരതം മാറിക്കൂടാ. ക്രിമിനലുകൾ വളരുന്നതു തടയിടുന്നതോടൊപ്പം അവർ നിയമം കൈയിലെടുക്കുന്നതും അധികാരം പ്രയോഗിക്കുന്നതും അമർച്ച ചെയ്യാനും രാജ്യവും അതിന്റെ ഭരണസംവിധാനവും സുസജ്ജമാകേണ്ടതുണ്ട്.



**പ്രതികരണം**

# നരേന്ദ്രമോദിയും ദൈവാലയസന്ദർശനവും

ഈസ്റ്റർദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹി ഗോൾഡാക്ഖാനയിലെ തിരുഹൃദയദൈവാലയം സന്ദർശിച്ചതിൽ രാഷ്ട്രീയം കാണുന്നവരുണ്ട്. തന്റെ നഷ്ടപ്പെട്ട പ്രതിച്ഛായ വീണ്ടെടുക്കാനുള്ള ശ്രമമാണത്രേ അത്. അതെന്തായാലും, അദ്ദേഹം ഏറെനേരം ദൈവാലയത്തിൽ ചെലവഴിക്കുകയും പ്രാർഥനകളിൽ പങ്കെടുക്കുകയും ചെയ്തത് ആക്ഷേപിക്കപ്പെടേണ്ട ഒരു കാര്യമല്ല.

ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്ക്, പ്രത്യേകിച്ച് ക്രൈസ്തവർക്കുനേരേയുള്ള അക്രമങ്ങൾ കോൺഗ്രസ് ഭരണകാലത്തും ഉണ്ടായിട്ടുണ്ട്. എങ്കിലും, ബിജെപി ഗവൺമെന്റുകൾ ഇക്കാര്യത്തിൽ കൂടുതൽ വിമർശനവിധേയമാകുന്നുവെന്നതു സത്യം. അതിൽ വാസ്തവമില്ലെന്നല്ല. പല സംസ്ഥാനങ്ങളിലും ആസൂത്രിതമായ അക്രമങ്ങൾ ക്രൈസ്തവർക്കുനേരേ ഉണ്ടായിട്ടുണ്ട്. ഫാദർ സ്റ്റാൻസ്വാമിക്കുനേരേയുണ്ടായ കള്ളക്കേസും തടവും മരണവുമൊന്നും മറക്കാൻ സമയമായിട്ടില്ലല്ലോ.

ഇതിനൊരു മറുവശമുണ്ട്. പല അക്രമങ്ങളും പ്രാദേശികമായി ഉരുണ്ടുകൂടുന്ന ചെറിയ പ്രശ്നങ്ങളിൽനിന്ന് ആവിർഭവിക്കുന്നതാണെന്നാണ് ഇന്ത്യയൊട്ടാകെയുള്ള ദീർഘകാല പത്രപ്രവർത്തനപരിചയത്തിന്റെ പശ്ചാത്തലത്തിൽ ഒരു പ്രമുഖ പത്രപ്രവർത്തകൻ ഈയിടെ ചൂണ്ടിക്കാട്ടിയത്. അതിനെ ആസൂത്രിതമെന്നു പറഞ്ഞുകൂടാ. എന്നുപറഞ്ഞാൽ വ്യക്തമായ രാഷ്ട്രീയലക്ഷ്യത്തോടെ സൃഷ്ടിക്കപ്പെടുന്നവയല്ല ഭൂരിപക്ഷം അക്രമങ്ങളും. പ്രതികൾക്കു രാഷ്ട്രീയബന്ധം ഉണ്ടായിരിക്കാം. അതു ന്യൂനപക്ഷവേട്ടയായി വ്യാഖ്യാനിക്കപ്പെടുന്നതിൽ അർഥമില്ലെന്നു സാരം. സർക്കാരുകളുടെ നേരിട്ടുള്ള നിർദേശത്താലോ മൗനസമ്മതത്താലോ നടക്കുന്ന ന്യൂനപക്ഷവേട്ടയെ മാത്രമേ ആസൂത്രിതമെന്നു വിളിക്കാനാവൂ. വാർത്തകൾ സൃഷ്ടിക്കുന്നതിൽ മാധ്യമങ്ങൾക്കുള്ള ഹിഡൻ അജൻഡകളും ഇതോടൊപ്പം ചേർത്തുവായിക്കണം.

ക്രൈസ്തവർക്കുനേരേ നടക്കുന്ന അതിക്രമങ്ങളെ വെള്ളപൂശുകയോ ബിജെപി സർക്കാരുകൾക്കു ക്ലീൻചിറ്റു നല്കുകയോ അല്ല ഇവിടെ ലക്ഷ്യം. മാധ്യമങ്ങൾ നിരത്തുന്ന വെണ്ടയ്ക്കത്തലക്കെട്ടുകൾ അപ്പടി വിശ്വസിക്കുന്നതിൽ അർഥമില്ലെന്നേ പറഞ്ഞുള്ളൂ. ഇങ്ങു കേരളത്തിലിരുന്നു പത്രം വായിക്കുന്ന ഒരാൾക്ക് വടക്കേയിന്ത്യയിലെ ഏതെങ്കിലുമൊരു കുഗ്രാമത്തിൽ നടന്ന അക്രമപരമ്പരകളുടെ യഥാർഥ വസ്തുത ഇഴപിരിച്ചു കണ്ടെത്തുക എളുപ്പമല്ല. പത്രങ്ങളിൽ വരാത്ത ഒരുപാടു പ്രാദേശികപ്രശ്നങ്ങൾ ഓരോ സംഭവത്തിനു പിന്നിലുമുണ്ടാവും. അത് ആ പ്രദേശവാസികൾക്കുമാത്രമേ അറിയാവൂ. വ്യക്തിവൈരാഗ്യത്തിൽ നടക്കുന്ന സംഘട്ടനംപോലും ഇരുകക്ഷികളും വ്യത്യസ്ത രാഷ്ട്രീയകക്ഷികളിൽപ്പെട്ടവരാണെങ്കിൽ അത് രാഷ്ട്രീയമാനം കൈവരിക്കുന്നത് നമ്മുടെ നാട്ടിലും അത്ര പുതിയ കാര്യമൊന്നുമല്ലല്ലോ.

ബിജെപിയുടെ രാഷ്ട്രീയതാത്പര്യങ്ങൾ എന്തുതന്നെയായാലും ഒരു ശക്തനായ ഭരണാധികാരിയെന്ന നിലയിൽ ഇന്ത്യയ്ക്ക് എക്കാലത്തും അഭിമാനിക്കാവുന്ന ഒരു വ്യക്തിതന്നെയാണ് നരേന്ദ്രമോദി എന്നത് തർക്കമറ്റ സംഗതിയാണ്. അദ്ദേഹത്തിന്റെ ഡൽഹി ദൈവാലയസന്ദർശനം തീർച്ചയായും രാജ്യത്തെ ക്രൈസ്തവർക്കു പ്രതീക്ഷ നല്കുന്ന ഒന്നുതന്നെയാണ്. ഇന്ത്യയിലെ 2.3 ശതമാനം മാത്രമുള്ള ക്രൈസ്തവരിൽ ഒരു സുരക്ഷിതത്വബോധം സൃഷ്ടിക്കാൻ പ്രധാനമന്ത്രിയുടെ സന്ദർശനത്തിനു കഴിഞ്ഞിരിക്കുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. ചൈനയും പാക്കിസ്ഥാൻ അടക്കമുള്ള ചില ഇസ്ലാമികരാജ്യങ്ങളും ഉയർത്തുന്ന ഭീഷണികൾ ഇന്ത്യയ്ക്കും മോദിക്കും വെല്ലുവിളിയാണെന്ന ജോർജ് കള്ളിവയലിന്റെ നിരീക്ഷണം (നാളം 7) ശരിതന്നെ. അങ്ങനെയെങ്കിൽ ഈ ദശാസന്ധിയിൽ ഇന്ത്യയെ നയിക്കാൻ നരേന്ദ്രമോദിതന്നെയാണ് യോഗ്യനെന്ന് ആരെങ്കിലും പറഞ്ഞാൽ നിഷേധിക്കാനാകുമോ?

**ബാബു സേവ്യർ, ഇടപ്പള്ളി**

Deepanalam Weekly
RNI No : 16998/68
Vol. 56 No. 8 Date of Publication 20 April 2023
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org